# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Janu vary 11 - 2009

## തൃക്കുന്നത്ത് സെമിനാരി യാക്കോബായ സഭയുടേത് ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

പുത്തൻകുരിശ്: രാജ്യത്തെ നിയമങ്ങൾക്കനുസൃതമായ രേഖകൾ കാലാഹരണപ്പെട്ടവയാണ് എന്ന ഓർത്തഡോക്സ് വിഭാഗത്തിന്റെ പ്രസ്താവന നിയമ വ്യവസ്ഥിതിയോടുള്ള അവഹേളനമായി കാണേണ്ടിയിരിക്കുന്നു എന്ന് യാക്കോബായ സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു.

തൃക്കുന്നത്ത് സെമിനാരി സംബന്ധിച്ച് യാക്കോബായ സഭ പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകൾ നിഷ്പക്ഷമതികളായവർ പരിശോധിക്കുമ്പോൾ സഭയുടെ നിലപാടുകൾ അംഗീകരിക്കപ്പെടുമെന്നു ഉറപ്പുണ്ട് എന്ന് അഭിവന്ദ്യ തിരുമേനി പറഞ്ഞു. രേഖകൾ കോടതിയിൽ സമർപ്പിക്കണമെന്ന മറുവിഭാഗത്തിന്റെ നിലപാട് വിഷയങ്ങൾ വർഷങ്ങളോളം നീട്ടിക്കൊണ്ടുപോകുവാനുള്ള ഉദ്ദ്യേശലക്ഷ്യത്തോടുകൂടിയാണെന്ന് അഭിവന്ദ്യ തിരുമേനി ചൂണ്ടിക്കാട്ടി.

യാക്കോബായ സഭ എന്നും സമാധാനമാണ് ആഗ്രഹിക്കുന്നത്. എന്നാൽ അത് ബലഹീനതയായി ആരും കാണേണ്ട എന്ന് അഭിവന്ദ്യ തിരുമേനി ഓർമ്മിപ്പിച്ചു. 1934 ലെ ഭരണഘടനയും യാക്കോബായ സഭയും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന യാഥാർത്ഥ്യം മറുവിഭാഗത്തിന് ഇനിയും ഉൾക്കൊള്ളുവാൻ സാധിക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമായി തീരുന്നത്. യാക്കോബായ സഭയുടെ 2002 ലെ ഭരണഘടന അംഗീകരിച്ചിട്ടുള്ള ദൈവാലയങ്ങളിൽ മാത്രമാണ് ശ്രേഷ്ഠ കാതോലിക്ക ബാവായും സഭയിലെ മെത്രാപ്പോലീത്തന്മാരും പ്രവേശിക്കുന്നത് . ഒരു കോടതി വിധിയും അതിന് എതിരായില്ല എന്നും അഭിവന്ദ്യ തിരുമേനി വ്യക്തമാക്കി. വിശ്വാസികളെ പീഡിപ്പിച്ച് അവർ പടുത്തുയർത്തിയ ഇടവകപള്ളികളും സ്വത്തുക്കളും കൈവശപ്പെടുന്നതിനാണ് മറുവിഭാഗം ശ്രമിക്കുന്നത്. മാമലശ്ശേരിയിലും, പിറവത്തും, ഇളനാടും, കത്തിപ്പാറത്തടത്തും വൈദീകർക്കും, പള്ളികൾക്കും, വിശ്വാസികൾക്കും നേരെ മറുവിഭാഗം നടത്തിയതായ ആക്രമണങ്ങൾ ക്രിസ്തീയതയ്ക്ക് നിരക്കാത്തതും, സമൂഹ മനസാക്ഷിയെ മുറിവേല്പിക്കുന്നതുമായിരുന്നുവെന്ന് അഭിവന്ദ്യ തിരുമേനി പറഞ്ഞു. അക്രണങ്ങൾ അഴിച്ചുവിട്ട് മുന്നോട്ട് പോകുവാനാണ് മറുവിഭാഗം ഉദ്ദേശിക്കുന്നതെങ്കിൽ അത് വലിയ വിപത്തിലേക്കായിരിക്കുമെന്ന് ഓർക്കുന്നത് നന്നായിരിക്കുമെന്നും അഭിവന്ദ്യ തിരുമേനി പറഞ്ഞു.

യാക്കോബായ സഭയുടെ പരി.പിതാക്കന്മാരുടെ കബറുകൾ നിലകൊള്ളുന്ന തൃക്കുന്നത്ത് സെമിനാരിയും പള്ളിയും പരി.സഭയ്ക്ക് നഷ്ടപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന് അഭിവന്ദ്യ തിരുമേനി അസന്നിഗ്ദ്ധമായി വ്യക്തമാക്കി.

ശ്രേഷ്ഠ കാതോലിക്ക ബാവായുടെ നേതൃത്വത്തിൽ ഏതു പ്രതിസന്ധിയേയും നേരിടുവാൻ സഭ പ്രാർത്ഥനയോടെ തയ്യാറെടുക്കുന്നുവെന്നും, സമാധാനത്തിന്റെ മാർഗ്ഗത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നുമാണ് സഭ ആഗ്രഹിക്കുന്നതെന്നും അഭിവന്ദ്യ തിരുമേനി പ്രസ്താവനയിൽ പറഞ്ഞു.